# Loyola Knowledge Resource Centre

(LIBRARY)

# "MEDIA SPEAKS ON LOYOLA"

## PRESS CLIPPINGS SERVICES




2023

Volume 12

**Dr . SUNIL KUMAR P ( LIBRARIAN)**

**Mr. PRASANTH M.S ( Asst.LIBRARIAN)**

GOKUL KRISHNA.A.S

JISHA.D.S

SUNEETHI TR

LOYOLA COLLEGE OF SOCIAL SCIENCES

SREEKARIYAM , TRIVANDRUM KERALA - 695017

Loyola Knowledge Resource Centre

(LIBRARY)

# "MEDIA SPEAKS ON LOYOLA"

## PRESS CLIPPINGS SERVICES




2023

Volume 12

**Dr . SUNIL KUMAR P ( LIBRARIAN)**

**Mr. PRASANTH M.S ( Asst.LIBRARIAN)**

GOKUL KRISHNA.A.S

JISHA.D.S

SUNEETHI TR

LOYOLA COLLEGE OF SOCIAL SCIENCES

SREEKARIYAM , TRIVANDRUM KERALA - 695017

# CONTENTS
# 2023


| TITLE | PAGE |
|---|---|
| ALUMINI UNION IN LOYOLA | 1 |
| LOYOLA UNION'S ARTS CLUB INAGURATION | 2 |
| THIS KSRTC CONDUCTOR'S KIND ACT EARNS HIM LAURELS | 4 |
| DIAMOND JUBILEE CELEBRATIONS OF LOYOLA COLLEGE ON MARCH 3O | 5 |
| COLLEGE GEARS UP FOR 60TH ANNIVERSARY | 6 - 12 |
| PATTOM .ST MARY'S SCHOOL PRINCIPAL FR.T .BABU STEPS DOWN | 14 |
| LOYOLA SCHOOL USHERS IN A NEW ERA BY ADMITING FEMALE STUDENTS | 15 -16 |
| LOYOLA COLLEGE TO HOLD TWO -DAY CONFERENCE ON SOCIOLOGY | 17-19 |
| 'SPANDHANAM' AT LOYOLA COLLEGE 2023 | 21- 24 |
| OBITUARY | 25 |
| PREMARITAL COUNSELLING PROGRAMME | 26 |
| SPORTS | 27 |
| MISCELLANEOUS | 3,13,20 |

മലയാള മനോരമ

2023 ഫെബ്രുവരി 1 ബുധൻ



എ.എസ്.ഗിരീഷ് , ഡോ.എസ്.അനിത

## ലൊയോളയിൽ പൂർവ വിദ്യാർഥി സംഘടന

തിരുവനന്തപുരം● ലൊയോള കോളജ് ഓഫ് സോഷ്യൽ സയൻസസ് പൂർവ വിദ്യാർഥി സംഘടന പ്രസിഡന്റായി എ.എസ്.ഗിരീഷ് (ഡീൻ, എക്സ്റ്റേണൽ പ്രോഗ്രാം, എക്സ്ഐഎംഇ കൊച്ചി), സെക്രട്ടറിയായി ഡോ.എസ്.അനിത (അസി.പ്രഫസർ, ലൊയോള കോളജ്) എന്നിവരെ തിരഞ്ഞെടുത്തു.മറ്റു ഭാരവാഹികൾ: ജെ.ആർ.സന്തോഷ്കുമാർ (വൈ.പ്രസി), ജാസ്മിൻ സാറ (ട്രഷ).

LOYOLA COLLEGE OF SOCIAL SCIENCES

Thiruvananthapuram

# LOYOLA UNION'S ARTS CLUB INAUGURATION

2022-2023





Chief Guest

**Ms. NARAYANI GOPAN**

Playback Singer,
MSW 2016-18



**6th Feb 2023**

**3 pm**

**SUTTER HALL**







All are welcome

മലയാള മനോരമ
20/02/2023



മാനേജ്മെന്റ് സ്റ്റഡീസിൽ പിഎച്ച്ഡി (കേരള) നേടിയ രശ്മി കിരൺ. പെരുന്താന്നി പിജിആർഎ സി-5ൽ രാധാകൃഷ്ണൻ നായരുടെയും രേണുകയുടെയും മകൾ.ഭർത്താവ് പ്യൂർ സ്പെസ് പ്രൈവറ്റ് ലിമിറ്റഡ് എംഡി ജ്യോതിസ് കിരൺ

THE TIMES OF INDIA, THIRUVANANTHAPURAM

21/02/2023

# This KSRTC conductor's kind act earns him laurels

Becky George | TNN



**T'puram:** A small but kind gesture by an on-duty KSRTC conductor helping a bunch of kids cross a busy road has won hearts.

J S Biju, a KSRTC conductor at Neyyattinkara depot, stepped out of his bus even while on duty and helped the children cross the road safely. He even lovingly patted on the head of one of the boys. The whole act was captured by someone, and the video posted online soon went viral on social media.

Biju, a Pravachambalam native, is happy with the widespread appreciation, but helping people in need is nothing new to him. "Before becoming a KSRTC conductor in 2009, I used to work as a social worker in different institutions for many years. After completing my post-graduation in MSW from Loyola College of Social Sciences in Thiruvananthapuram, I worked as a social worker, mainly in the medical and psychiatry fields. At Alappuzha Medical College, I worked in the psycho-social rehabilitation ward for tsunami survivors and later, was also a counsellor under the State HIV Aids Control Society," Biju said.

Biju's actions are getting popular at a time when KSRTC is facing problems regarding salary payments to its employees. The adverse situations have never stopped him from assisting his passengers in any way he can, he said. "There has definitely been an impact, since like me, there are others who have taken loans and are struggling to pay EMIs on time. But what needs to be noted is that the employees of my generation and others coming in are well educated, talented and efficient enough to adapt to any situation as compared to those before us. This is clear from the fact that we achieved a profit, which used to be made from 6,000 buses, with less than 3,000 buses now. This reflects the contribution and dedication of the employees too," he said.



A video grab of J S Biju stopping traffic to help a group of children cross a busy road

Even today Biju manages to pursue his passion for helping others by being an online counsellor too. "I am part of a service group that makes a conscious effort to support all our passengers be it the aged, sick, young or even physically handicapped. I truly believe that one can be a social worker anywhere and in any field," he said.

# Diamond jubilee celebrations of Loyola College on March 30

T'Puram: The inauguration of the new administrative cum academic block and diamond jubilee celebrations of Loyolo College of Social Sciences at Sreekaryam in Thiruvananthapuram will be held on March 30. Chief Minister Pinarayi Vijayan will inaugurate the administrative block at the diamond jubilee hall of the college at 5pm. Opposition leader V D Satheeesan will inaugurate the diamond jubilee celebrations. Higher Education Minister R Bindu will deliver the presidential address, while Rev Fr E P Mathew SJ will deliver the benedictory address. Mohanan Kunnummal , vice-chancellor, Kerala University, will deliver a special address. The other dignitaries include MP Shashi Tharoor and MLA Kadakampally Surendran. College principal Saji P Jacob will propose a vote of thanks.

INDIAN EXPRESS Sat, 25 March 2023
https://epaper.newindianexpress.co

മലയാള മനോരമ

2023 മാർച്ച് 29 ബുധൻ

# ലൊയോള കോളജ് ഓഫ് സോഷ്യൽ സയൻസസിന് വജ്രജൂബിലി തിളക്കം

തിരുവനന്തപുരം● തൊണ്ണൂറുകളുടെ തുടക്കത്തിൽ പട്ടണ നിർധനരായ ആളുകൾ താമസിക്കുന്ന മേഖലകളിൽ ഒരു സംഘം വിദ്യാർഥികളും അവരുടെ അധ്യാപകരും പതിവായി എത്തുമായിരുന്നു. തൊഴിൽ രഹിതരും സാമ്പത്തിക അരക്ഷിതാവസ്ഥ അനുഭവിക്കുന്നവരുമായ വനിതകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. തൊഴിൽ അവസരങ്ങളും പഠനവേദികളും ചെറുകിട ഉൽപന്നങ്ങളുടെ നിർമാണ യൂണിറ്റുകളും സൃഷ്ടിക്കപ്പെടുകയായിരുന്നു തുടക്കം. പതിയെ ആ പ്രയത്നം വിജയം കണ്ടു. കേരളത്തിൽ പിൽക്കാലത്ത് സ്ത്രീ ശാക്തീകരണ മേഖലയിലെ മുന്നേറ്റങ്ങളുടെ പ്രചാരണങ്ങളിലൊന്ന് ലൊയോള കോളജ് ഓഫ് സോഷ്യൽ സയൻസസിലെ ആ വിദ്യാർഥി-അധ്യാപക കൂട്ടായ്മയുടെ പ്രവർത്തനങ്ങളായിരുന്നു.

'മെച്ചപ്പെട്ട കോഴ്സുകൾക്കൊപ്പം സമൂഹത്തിന് മാതൃകയായ ഒട്ടേറെ പ്രവർത്തനങ്ങൾ 6 പതിറ്റാണ്ടിനുള്ളിൽ പൂർത്തിയാക്കാനായി എന്നതാണ് ചാരിതാർഥ്യം' പ്രിൻസിപ്പൽ ഡോ. സജി പി. ജേക്കബ് പറയുന്നു. ജെസ്യൂട്ട് സഭ സാമൂഹിക ശാസ്ത്ര വിദ്യാഭ്യാസത്തിനായി 1963 ൽ സ്ഥാപിച്ച തലസ്ഥാന നഗരിയിലെ പ്രമുഖ സ്ഥാപനം ഇന്നു ദേശീയ തലത്തിൽ സാമൂഹിക പഠനമേഖലയിലെ മികവിന്റെ കേന്ദ്രമായി മാറുന്നു. യുജിസിയുടെ നാക് അക്രഡിറ്റേഷന്റെ 4 റൗണ്ടുകളിലും സ്ഥിരമായി ഏറ്റവും ഉയർന്ന ഗ്രേഡുകൾ ലൊയോളയെ തേടിയെത്തി. ദേശീയ വിദ്യാഭ്യാസ നയത്തിന് അനുസരിച്ചുള്ള പുതിയ മാറ്റങ്ങൾക്ക് ഇപ്പോൾ ലൊയോള തയാറെടുക്കുകയാണ്.

കമ്യൂണിറ്റി എക്സ്റ്റൻഷൻ വിഭാഗമായ ലൊയോള എക്സ്റ്റൻഷൻ സർവീസസ് (എൽഇഎസ്) വഴി ലൊയോള സമൂഹത്തിന് ശ്രദ്ധേയമായ സംഭാവനകൾ നൽകി. സംസ്ഥാനത്തെ ആദ്യത്തെ ഫാമിലി കൗൺസിലിങ് സെന്റർ ഇവിടെയാണ് തുടങ്ങിയത്. തിരുവനന്തപുരത്തെ ചൈൽഡ്‌ലൈൻ ആസ്ഥാനത്തിനും ആതിഥേയത്വം വഹിക്കുന്നു. ശ്രീകാര്യത്ത് [illegible] ക്യാംപസ് [illegible] നടത്തുന്നു.



ലൊയോള കോളജ് ഓഫ് സോഷ്യൽ സയൻസസിൽ വജ്രജൂബിലിയോടനുബന്ധിച്ച് ഉദ്ഘാടനം ചെയ്യുന്ന ലൊയോള ഡയമണ്ട് ബ്ലോക്ക്

## ഡയമണ്ട് ബ്ലോക്ക് ഉദ്ഘാടനം നാളെ

വജ്രജൂബിലി ആഘോഷത്തിന്റെ ഭാഗമായി നിർമിച്ച ഡയമണ്ട് ബ്ലോക്കിന്റെ ഉദ്ഘാടനം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ വജ്രജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യും. വൈകിട്ട് 5 ന് ചേരുന്ന സമ്മേളനത്തിൽ മന്ത്രി [illegible] അധ്യക്ഷനാകും.

# വജ്രജൂബിലി തിളക്കത്തിൽ ലയോള കോളജ് ഓഫ് സോഷ്യൽ സയൻസസ്

തിരുവനന്തപുരം: സാമൂഹ്യശാസ്ത്ര പഠന, ഗവേഷണ രംഗത്തു മികവിന്റെ പര്യായമായ ശ്രീകാര്യം ലയോള കോളജ് ഓഫ് സോഷ്യൽ സയൻസസ് വജ്രജൂബിലി നിറവിൽ. ഉന്നത വിദ്യാഭ്യാസ രംഗത്ത് മഹത്തായ സംഭാവനകൾ നൽകുന്ന ഈശോ സഭയുടെ അന്താരാഷ്ട്ര പ്രശസ്തമായ 205 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒന്നാണ് 1963 ൽ സ്ഥാപിതമായ ശ്രീകാര്യത്തെ ലയോള കോളജ്. യുവജനങ്ങളുടെ സർവതോന്മുഖമായ വികസനത്തിനും സമഗ്രമായ സ്വഭാവ രൂപീകരണത്തിനും പ്രാമുഖ്യം നൽകി പ്രവർത്തിക്കുന്ന ലയോള കോളജ് യുജിസിയുടെ നാക് അക്രഡിറ്റേഷന്റെ നാലു സൈക്കിളുകളിലും സ്ഥിരമായി ഏറ്റവും ഉയർന്ന ഗ്രേഡ് കരസ്ഥമാക്കി കൊണ്ടിരിക്കുകയാണ്. വജ്രജൂബിലി തിളക്കത്തിൽ നിൽക്കുമ്പോഴും ലയോള ബ്രാൻഡിന്റെ തിളക്കം ഏറി വരികയാണ്.

എണ്ണത്തിൽ ചെറുതെങ്കിലും സമൂഹത്തിൽ മാറ്റങ്ങൾ കൊണ്ടുവരാൻ തക്ക ചിന്താശേഷി ഉള്ള തലമുറയെ സൃഷ്ടിക്കുക എന്നതാണു ലയോളയുടെ പ്രഖ്യാപിത ലക്ഷ്യം. വിദ്യാർഥികളുടെ പരിവർത്തനത്തിന് വളരെ ഏറെ സഹായിക്കുന്ന ഏഴോളം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി കൊണ്ടാണ് ഇതു സാധ്യമാക്കുന്നത്.

അഞ്ചു ദിവസത്തെ ഇന്റർ ഡിപ്പാർട്ട്മെന്റൽ ഇൻഡക്ഷൻ പ്രോഗ്രാമിലൂടെയാണ് ഓരോ വിദ്യാർഥിയും ലയോളയുടെ ഭാഗമായി മാറുന്നത്. ഇതിലൂടെ കോളജിന്റെ എല്ലാ പ്രവർത്തനങ്ങളെയും കുറിച്ച് വിദ്യാർഥികളെ ബോധവാന്മാരാക്കുകയും അവർക്കിടയിൽ ഊഷ്മളമായ ബന്ധം വളർത്തുകയും ചെയ്യുന്നു. കോളജിലെ എല്ലാ ഒന്നാം വർഷ വിദ്യാർഥികളെയും ഏഴു ദിവസത്തെ എൻഎസ്എസ് ക്യാമ്പിൽ പങ്കെടുപ്പിക്കും. വിദ്യാർഥികൾക്ക് സാമൂഹിക യാഥാർഥ്യങ്ങൾ ബോധ്യപ്പെടാനും സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾ നടത്താനും കൂട്ടായ്മകളിൽ പ്രവർത്തിക്കാനുമുള്ള അവസരമാണ് ഇതുവഴി ലഭിക്കുന്നത്.

സ്ട്രീറ്റ് തിയേറ്ററിലെ സർട്ടിഫിക്കറ്റ് കോഴ്സിൽ എല്ലാ വിദ്യാർഥികളുടെയും പങ്കാളിത്തമാണ് ലയോളയിലെ മറ്റൊരു നിർബന്ധിത പരിശീലനം. ഡിപ്പാർട്ട്മെന്റ് തിരിച്ചു നടത്തുന്ന ഈ പ്രോഗ്രാം വ്യക്തിഗത, ടീം പ്രകടനത്തിന്റെ വികസനം ലക്ഷ്യമിടുന്നു. പരിശീലനത്തിനു ശേഷം, വിവിധ വിഷയങ്ങളിൽ തെരുവു നാടകങ്ങൾ നടത്താനും വിദ്യാർഥികൾക്ക് അവസരം നൽകുന്നു. കൂടാതെ നിരവധി സർക്കാർ സ്ഥാപനങ്ങളിൽ അവരെ ക്ഷണിക്കുകയും ചെയ്യുന്നു. കുറഞ്ഞത് 50 കായികമത്സരങ്ങൾ പ്രതിപാദികൾ നടത്തുന്നതിന് കോളേജിനെ നാലു ഗ്രൂപ്പുകളായി തിരിച്ചിരിക്കുന്നു.

കോളജ് ഡേ, ഓണം, ക്രിസ്മസ് ആഘോഷങ്ങൾ തുടങ്ങിയ എല്ലാ പരിപാടികളും നടത്തുന്നതിന് പ്ലാനിംഗ്, ഇംപ്ലിമെന്റേഷൻ, മോണിറ്ററിംഗ്, ഇവാല്യുവേഷൻ, റീഡിസൈനിംഗ് എന്നൊരു സമീപനം കോളജ് സ്വീകരിക്കുന്നു. മുഴുവൻ വിദ്യാർഥികളും അധ്യാപക സമൂഹവും വിവിധ ഇവന്റ് മാനേജ്മെന്റ് കമ്മിറ്റികളായി വിഭജിക്കുന്നു. അവ ഇവന്റുകൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നു. കോളജിലെ എല്ലാ വിദ്യാർഥികളും അധ്യാപകരും കാമ്പസും അതിന്റെ സസ്യജാലങ്ങളും പരിപാലിക്കുന്നതിനായി ഒരു മണിക്കൂർ ചെലവഴിക്കുന്ന പരിസ്ഥിതി, ജൈവ വൈവിധ്യ പരിപാടിയും പതിവായി നടത്തുന്നു.

പൂർവവിദ്യാർഥികൾ പതിവായി കാമ്പസ് സന്ദർശിക്കുകയും വിവിധ വിദ്യാർഥി വികസന പ്രവർത്തനങ്ങൾക്ക് സഹായഹസ്തം നീട്ടുകയും ചെയ്യുന്നുണ്ട്. വിദ്യാർഥികളുടെ ചെയ്ഞ്ച്മേക്കേഴ്സ് പ്രോത്സാഹിപ്പിക്കുന്ന ബ്രാൻഡ് അംബാസഡർമാരായി ഇവർ പ്രവർത്തിക്കുന്നു.

കോളജിന്റെ കമ്യൂണിറ്റി എക്സ്റ്റൻഷൻ വിഭാഗമായ ലയോള എക്സ്റ്റൻഷൻ സർവീസസ് വഴി സമൂഹത്തിന് മായാത്ത സംഭാവനകൾ നൽകി. കേരളത്തിൽ മാറ്റത്തിനു തുടക്കമിട്ട കുടുംബശ്രീ പദ്ധതി ഇവിടെ നടന്ന ചർച്ചകളുടെ സംഭാവനയായിരുന്നു.

സംസ്ഥാനത്തെ ആദ്യത്തെ ഫാമിലി കൗൺസിലിംഗ് സെന്ററും എക്സ്റ്റൻഷൻ സർവീസസിൽ ആരംഭിച്ചു. കമ്യൂണിറ്റി ശാക്തീകരണത്തിനായുള്ള ഡിജിറ്റൽ ആക്ഷൻ പ്രോത്സാഹിപ്പിക്കുന്നതിന് ഡിജിറ്റൽ സർവകലാശാലയിൽ പഠിക്കുന്ന വിദ്യാർഥികൾക്കായുള്ള പ്രവർത്തനങ്ങൾ, സാമൂഹിക പ്രവർത്തകർക്കിടയിൽ അറിയപ്പെടാത്ത നായകന്മാരെ ആദരിക്കുന്നതിനായി ഹീറോസ് ഓഫ് ദി ഹാർട്ട് അവാർഡുകൾ എന്നിവയാണ് എക്സ്റ്റൻഷൻ സർവീസിന്റെ പുതിയ പദ്ധതികൾ.

പുതിയ ദേശീയ വിദ്യാഭ്യാസ നയം നിലവിൽ വരുമ്പോഴും ലയോള ബ്രാൻഡിന്റെ ഗുണനിലവാരം നിലനിർത്തിക്കൊണ്ടു കാലാനുസൃതമായ മാറ്റങ്ങളോടെ മുന്നോട്ടു പോകാനുള്ള തയാറെടുപ്പിലാണ് ലയോള കോളജ്.



നാളെ ഉദ്ഘാടനം ചെയ്യുന്ന ലയോള കോളജ് ഓഫ് സോഷ്യൽ സയൻസസിലെ വജ്രജൂബിലി ബ്ലോക്ക്.

## വജ്രജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം നാളെ

തിരുവനന്തപുരം: ലയോള കോളജ് ഓഫ് സോഷ്യൽ സയൻസസിന്റെ വജ്രജൂബിലി ആഘോഷങ്ങൾക്കു നാളെ തുടക്കം കുറിക്കും. വൈകുന്നേരം അഞ്ചിന് വജ്രജൂബിലി ഹാളിൽ നടക്കുന്ന ചടങ്ങിൽ വജ്രജൂബിലി ബ്ലോക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

വജ്രജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ നിർവഹിക്കും. ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദുവിന്റെ അധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ ലയോള സ്ഥാപനങ്ങളുടെ മാനേജരും റെക്ടറുമായ ഫാ. സണ്ണി കുന്നപള്ളിൽ സ്വാഗതം പറയും. ജെസ്യൂട്ട് കേരള പ്രവിശ്യ പ്രൊവിൻഷ്യൽ ഫാ. ഇ.പി. മാത്യു, കേരള സർവകലാശാല വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മൽ, ഡോ. ശശി തരൂർ എംപി, കടകംപള്ളി സുരേന്ദ്രൻ എംഎൽഎ, കേരള സർവകലാശാല രജിസ്ട്രാർ ഡോ. കെ.എസ്. അനിൽകുമാർ, ലയോള കോളജ് പൂർവവിദ്യാർഥി സംഘടന പ്രസിഡന്റ് എ.എസ്. ഗിരീഷ്, കേരള ജസ്യൂട്ട് ഹയർ എഡ്യൂക്കേഷൻ കോ- ഓർഡിനേറ്റർ റവ. ഡോ. ബിനോയ് ജേക്കബ്, ആന്റണി തോമസ്, വാർഡ് കൗൺസിലർ എസ്.ആർ. ബിന്ദു, പൂർവവിദ്യാർഥി സംഘടന സെക്രട്ടറി ഡോ.എസ്. അനിത എന്നിവർ പ്രസംഗിക്കും. ലയോള കോളജ് ഓഫ് സോഷ്യൽ സയൻസസ് പ്രിൻസിപ്പൽ ഡോ. സജി പി. ജേക്കബ് നന്ദി പറയും.

# അനുഭവങ്ങളുടെ പാഠശാല വജ്രജൂബിലി തിളക്കത്തിൽ

തിരുവനന്തപുരം ▸ സ്ത്രീശാക്തീകരണത്തിൽ മാതൃകയെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു കേരളത്തെ പ്രശംസിച്ചിട്ട് അധികനാളായിട്ടില്ല. ചെറുസംഘങ്ങളായി രൂപപ്പെട്ട്, സ്ത്രീകൾക്ക് വരുമാനവും പൊതുസമൂഹത്തിന് സേവനങ്ങളുമൊക്കെ ഒരുക്കി കേരളമാകെ പടർന്ന കുടുംബശ്രീയുടെ രജതജൂബിലി ചടങ്ങിലായിരുന്നു രാഷ്ട്രപതിയുടെ സാക്ഷ്യപത്രം. രാജ്യം ശ്രദ്ധിച്ച ഈ വനിതാവിപ്ലവത്തിനു വഴിയൊരുക്കിയത് ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസസായിരുന്നു. വജ്രജൂബിലിയുടെ തിളക്കത്തിലാണ് കേരളത്തിലെ ആദ്യ സമ്പൂർണ സാമൂഹികശാസ്ത്ര കോളേജായ ഈ സ്ഥാപനം.



ലയോള കോളേജ്

സാമൂഹികശാസ്ത്ര വിദ്യാഭ്യാസത്തിനായി 1963-ൽ ഈശോസഭ സ്ഥാപിച്ചതാണ് ലയോള കോളേജ്. അറുപതാം വാർഷികത്തിൽ നിർമിച്ച ഡയമണ്ട് ജൂബിലി ബ്ലോക്കിന്റെ ഉദ്ഘാടനം വ്യാഴാഴ്ച വൈകീട്ട് അഞ്ചിന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനം പ്രതിപക്ഷ നേതാവ് വി.ഡി.സതീശനും നിർവഹിക്കും. ഉന്നത വിദ്യാഭ്യാസമന്ത്രി ആർ. ബിന്ദു അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കേരള ജെസ്യൂട്ട് പ്രവിശ്യ പ്രൊവിൻഷ്യൽ ഫാ. ഇ.പി. മാത്യു എസ്.ജെ., കേരള സർവകലാശാലാ വി.സി. ഡോ. മോഹനൻ കുന്നുമ്മൽ തുടങ്ങിയവർ പങ്കെടുക്കും.

സാമൂഹികപ്രവർത്തനം പഠനവിഷയം മാത്രമല്ലെന്നതാണ് ലയോള കോളേജിന്റെ പ്രത്യേകത. വിദ്യാർഥികളെ സമൂഹവുമായി അടുപ്പിക്കാനും പൊതുജനസേവനങ്ങൾക്കുമായി പ്രവർത്തിക്കുന്ന കേന്ദ്രമാണ് ലയോള എക്സ്റ്റൻഷൻ സർവീസസ് (എൽ.ഇ.എസ്). അതിന്റെ നേതൃത്വത്തിൽ നടന്ന ചർച്ചകളുടെയും പ്രവർത്തനങ്ങളുടെയും ഫലമാണ് കുടുംബശ്രീയുടെ പിറവി. കേന്ദ്രസർക്കാർ കൊണ്ടുവന്ന ദരിദ്രർക്കായുള്ള നഗരാധിഷ്ഠിത സേവന പദ്ധതി (യു.ബി.എസ്.പി.)യുടെ ഭാഗമായി 1992-93 ൽ ലയോള കോളേജ് മുൻകൈയെടുത്ത് പട്ടം ലക്ഷ്മിനഗറിലെ സ്ത്രീകളെ സംഘടിപ്പിച്ച് പ്രത്യേക ശാക്തീകരണ പദ്ധതി നടപ്പാക്കിയിരുന്നു. ചെറുകിട സംഘങ്ങൾക്കായി സ്ത്രീകളെ പരിശീലിപ്പിച്ച ഈ പരിപാടി 1996-ൽ കുടുംബശ്രീ എന്ന ആശയത്തിനു വിത്തിട്ടു.

കേരളത്തിൽ ആദ്യമായി കുടുംബ കൗൺസിലിങ് തുടങ്ങിയത് എൽ.ഇ.എസിലായിരുന്നു. തലസ്ഥാനത്തെ ചൈൽഡ്‌ലൈൻ ആസ്ഥാനമാണ് ലയോള.

മത്സ്യത്തൊഴിലാളികൾ, ആദിവാസികൾ തുടങ്ങിയവർക്കുള്ള പദ്ധതികൾക്കും ഗവേഷണങ്ങൾക്കുമൊക്കെ മുൻകൈയെടുത്തു. ഇങ്ങനെ, പഠന-പാഠ്യേതര പ്രവർത്തനങ്ങളിലൂടെ മുന്നേറിയ ലയോള കഴിഞ്ഞ വർഷം നാക് എ പ്ലസ് പ്ലസ് അംഗീകാരവും നേടി.

സാമൂഹികപ്രതിബദ്ധതയും പ്രകൃതിസ്നേഹവും ധാർമികബോധവുമുള്ള തലമുറയെ വാർത്തെടുക്കുകയാണ് ദൗത്യമെന്ന് കോളേജ് പ്രിൻസിപ്പൽ ഡോ. സജി ജേക്കബ് പറഞ്ഞു.

വിവിധ വികസനപ്രവർത്തനങ്ങളിൽ പൂർവവിദ്യാർഥികളുടെ മികച്ച പങ്കാളിത്തമുണ്ടെന്ന് ലയോള അലുമിനൈ അസോസിയേഷൻ പ്രസിഡന്റ് എ.എസ്. ഗിരീഷ് പറഞ്ഞു.

8

THE TIMES OF INDIA, THIRUVANANTHAPURAM
THURSDAY, MARCH 30, 2023

# College gears up for 60th anniversary

Times News Network

**T'puram:** Founded in 1963 by Jesuits, a global society of priests, Loyola College of Social Sciences in Sreekaryam is looking forward to celebrate its diamond jubilee. Several programmes have been lined up to celebrate the educational institution's 60 years. The celebrations are set to begin on Thursday with the inauguration of a new block on the campus by chief minister Pinarayi Vijayan.



A new 46,000 sqft diamond jubilee block will be inagurated by CM Pinarayi Vijayan at Loyola College of Social Sciences on Thursday

## LOYOLA COLLEGE

"This was the first college in the state to introduce Sociology as an academic programme. Fr Joseph Edamaram, a member of the congregation of Catholic priests called Jesuits founded the institute with a vision to uplift and influence socially marginalised communities. The Loyola College of Social Sciences was first named the Institute of Sociology realising that the discipline could carry on this goal," says Dr Saji Jacob, the college principal.

With significant contributions to the field of Sociology, the institute progressed step by step adding on more courses like Human Resource Management and Counselling Psychology. Recognising the need for a social intervention in a disaster setting, the MSW in Disaster Management programme was added in 2020. In addition to securing its niche in higher education, the college has made several contributions through its community extension wing Loyola Extension Services.

The first family counselling centre in the state was also started at LES. The extension wing has been continuing it work through various programmes which include hosting the capital city's Childline headquarters, collaborating with Digital University to promote digital access for community empowerment, and instituting awards for honouring unsung heroes among social workers.

"Falling in line with the approach of the NEP to convert colleges into degree-awarding institutions, we are looking at further expanding our services and facilities. The new 46,000 sqft diamond jubilee block with 14 classrooms and other amenities is part of this. We are also awaiting an autonomous status which is expected to be received this year," added the principal.

MARCH 20 THE HINDU

# Thiruvananthapuram

## Loyola college diamond jubilee fete from tomorrow

The Hindu Bureau
THIRUVANANTHAPURAM

Chief Minister Pinarayi Vijayan will inaugurate a diamond jubilee block at the Loyola College of Social Sciences, Sreekaryam, on Thursday. Leader of the Opposition V.D. Satheesan will formally launch the diamond jubilee celebrations of the college on the occasion. Higher Education Minister R. Bindu will preside over the function.

Rector and manager of Loyola Institutions Sunny Kunnampallil, Provincial E.P. Mathew of the Kerala Jesuit Province, Kerala University Vice Chancellor in-charge Mohanan Kunnummal, and college Principal Saji P. Jacob will also participate. The college was founded by Jesuits in 1963 and has been unique for "institutionalising seven practices aimed at enhancing student development since its inception."

2023 മാർച്ച് 31 വെള്ളി TVM മലയാള മനോരമ



ലൊയോള കോളജ് ഓഫ് സോഷ്യൽ സയൻസസിന്റെ ഡയമണ്ട് ജൂബിലി ബ്ലോക്കും ആഘോഷ പരിപാടികളുടെ ഉദ്ഘാടനവും കേരള ജെസ്യൂട്ട് പ്രവിശ്യ പ്രൊവിൻഷ്യൽ ഫാ. ഇ.പി.മാത്യു നിർവഹിക്കുന്നു. ജെസ്യൂട്ട് ഹയർ എജ്യുക്കേഷൻ കോ -ഓർഡിനേറ്റർ ഡോ.ബിനോയ് ജേക്കബ്, മന്ത്രി ആർ.ബിന്ദു, ലൊയോള ഇൻസ്റ്റിറ്റ്യൂഷൻസ് മാനേജരും റെക്ടറുമായ ഫാ. സണ്ണി കുന്നപ്പള്ളിൽ, അലമ്നൈ അസോസിയേഷൻ പ്രസിഡന്റ് എ.എസ്.ഗിരീഷ്, സെക്രട്ടറി ഡോ.എസ്.അനിത, കേരള സർവകലാശാല വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മൽ എന്നിവർ സമീപം. ചിത്രം: മനോരമ

# ലൊയോള കോളജ് ജൂബിലി ബ്ലോക്ക് തുറന്നു

തിരുവനന്തപുരം ● ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിലും സമൂഹത്തിന് ശ്രദ്ധേയമായ സംഭാവനകൾ നൽകുന്നതിലും ലൊയോള കോളജ് ഓഫ് സോഷ്യൽ സയൻസസ് എക്കാലവും ജാഗ്രത പുലർത്തിയിട്ടുണ്ടെന്ന് മന്ത്രി ഡോ.ആർ.ബിന്ദു. സാമൂഹിക ശാസ്ത്ര പഠന ഗവേഷണ മേഖലയിലും സാമൂഹിക പ്രവർത്തന മേഖലയിലും അർപ്പണ ബോധത്തോടെയാണ് ഈ കലാലയം പ്രവർത്തിച്ചിട്ടുള്ളതെന്നും അവർ പറഞ്ഞു. ലൊയോള കോളജ് ഓഫ് സോഷ്യൽ സയൻസസിന്റെ വജ്ര ജൂബിലി ആഘോഷത്തോടനുബന്ധിച്ചുള്ള 'ഡയമണ്ട് ജൂബിലി ബ്ലോക്കി'ന്റെ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു ഡോ.ബിന്ദു.

ക്യാംപസുകളിൽ സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് പ്രോത്സാഹനവും പിന്തുണയും നൽകാനും തീരുമാനിച്ചിട്ടുണ്ട്. ലൊയോളയുടെ അക്കാദമിക പ്രവർത്തനങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പിന്തുണ ഉണ്ടാകുമെന്നും മന്ത്രി അറിയിച്ചു.

കേരള ജെസ്യൂട്ട് പ്രവിശ്യ പ്രൊവിൻഷ്യൽ ഫാ. ഇ.പി.മാത്യു എസ്ജെ ഡയമണ്ട് ജൂബിലി ബ്ലോക്കും ആഘോഷ പരിപാടികളും ഉദ്ഘാടനം ചെയ്തു. ആറു പതിറ്റാണ്ടായി വിദ്യാഭ്യാസ രംഗത്ത് പരിപാലിക്കുന്ന അക്കാദമിക മികവും സാമൂഹിക പ്രതിബദ്ധതയും തുടരുമെന്നും അദ്ദേഹം പറഞ്ഞു.

കേരള സർവകലാശാല വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മൽ, ലൊയോള ഇൻസ്റ്റിറ്റ്യൂഷൻസ് മാനേജരും റെക്ടറുമായ ഫാ. സണ്ണി കുന്നപ്പള്ളിൽ, പ്രിൻസിപ്പൽ ഡോ. സജി പി.ജേക്കബ്, അലമ്നൈ അസോസിയേഷൻ പ്രസിഡന്റ് എ.എസ്.ഗിരീഷ്, സെക്രട്ടറി ഡോ.എസ്.അനിത, ജെസ്യൂട്ട് ഹയർ എജ്യുക്കേഷൻ കോ -ഓർഡിനേറ്റർ ഡോ. ബിനോയ് ജേക്കബ് തുടങ്ങിയവർ പ്രസംഗിച്ചു.

ലയോള കോളേജ് വജ്രജൂബിലി ആഘോഷങ്ങൾ തുടങ്ങി

# വൈജ്ഞാനികസമ്പത്ത് വികസനത്തിന് പ്രയോജനപ്പെടുത്തണം- മന്ത്രി ആർ.ബിന്ദു



ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസസ് വജ്രജൂബിലി ആഘോഷം ജെസ്യൂട്ട് പ്രവിശ്യ കേരള പ്രൊവിൻഷ്യൽ ഫാ. ഇ.പി.മാത്യു ഉദ്ഘാടനം ചെയ്യുന്നു. മന്ത്രി ആർ.ബിന്ദു, ഫാ. ഡോ. ബിനോയ് ജേക്കബ്, പ്രിൻസിപ്പൽ ഡോ. സജി പി.ജേക്കബ്, ലയോള സ്ഥാപനങ്ങളുടെ മാനേജർ ഫാ. സണ്ണി കുന്നപള്ളിൽ, എ.എസ്.ഗിരീഷ്, ഡോ. എസ്.അനിത, കേരള സർവകലാശാല വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മൽ തുടങ്ങിയവർ സമീപം

തിരുവനന്തപുരം ▸ വൈജ്ഞാനികസമ്പത്ത് നാടിന്റെ വികസനത്തിനു പ്രയോജനപ്പെടുത്താൻ കഴിയുന്നതരത്തിലെ മാറ്റമാണ് ഉന്നതവിദ്യാഭ്യാസമേഖലയിൽ സർക്കാർ നടപ്പാക്കുന്നതെന്ന് മന്ത്രി ആർ.ബിന്ദു പറഞ്ഞു. ലയോള കോളേജ് വജ്രജൂബിലി ആഘോഷങ്ങൾക്ക് അധ്യക്ഷത വഹിക്കുകയായിരുന്നു മന്ത്രി.

തൊഴിൽലഭ്യത ഉറപ്പുവരുത്തുന്നതിനൊപ്പം സമൂഹത്തിനു മുതൽക്കൂട്ടായി മാറാൻ കഴിയുന്നവിധത്തിൽ കോഴ്സുകളുടെ ഉള്ളടക്കം മാറണം. വിദ്യാർഥികളുടെ സർഗപരമായ കഴിവുകൾ സ്വച്ഛന്ദമായി വികസിപ്പിക്കാവുന്നനിലയിൽ സ്വയംപഠനത്തിനു പ്രാധാന്യം നൽകാൻ പാകത്തിലാണ് കരിക്കുലം വികസിപ്പിക്കുന്നത്. ഗവേഷണ കണ്ടെത്തലുകൾ കേരളത്തിന്റെ ആവശ്യത്തിനുപയോഗിക്കാൻ കഴിയുന്ന അറിവ് അന്വേഷണമാണ് വേണ്ടത് -മന്ത്രി പറഞ്ഞു.

കേരള ജെസ്യൂട്ട് പ്രവിശ്യ പ്രൊവിഷ്യൽ ഫാ. ഇ.പി.മാത്യു സുവർണജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. ഗുണനിലവാരമുള്ള ഉന്നതവിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്നത് ജെസ്യൂട്ട് സഭയുടെ ലക്ഷ്യമാണെന്ന് അദ്ദേഹം പറഞ്ഞു. പ്രാദേശികതലത്തിൽ മാത്രം ഒതുങ്ങാതെ അന്താരാഷ്ട്ര തലത്തിലേക്ക് ഗവേഷണമേഖല വ്യാപിപ്പിക്കാനാകണം. അക്കാദമിക് സ്വാതന്ത്ര്യം ഇതിനു സഹായകരമാകുമെന്നും അദ്ദേഹം പറഞ്ഞു.

സാമൂഹികശാസ്ത്ര വിദ്യാഭ്യാസത്തിനായി 1963-ൽ ജെസ്യൂട്ട്സ് സഭ സ്ഥാപിച്ചതാണ് ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസസ്. വിദ്യാഭ്യാസസാമൂഹിക സേവന പാരമ്പര്യത്തിന്റെ 60-ാം വാർഷികവേളയിലാണ് ഡയമണ്ട് ജൂബിലി ബ്ലോക്ക് ഉദ്ഘാടനം ചെയ്തത്.

കേരള സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. ഡോ. മോഹനൻ കുന്നുമ്മൽ, ലയോള സ്ഥാപനങ്ങളുടെ മാനേജരും ഡയറക്ടറുമായ റവ. ഫാ. സണ്ണി കുന്നപള്ളിൽ, ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസസ് പ്രിൻസിപ്പൽ ഡോ. സജി പി.ജേക്കബ്, ലയോള കോളേജ് അലുമ്നൈ അസോസിയേഷൻ പ്രസിഡന്റ് എ.എസ്.ഗിരീഷ്, കേരള ജെസ്യൂട്ട് ഹയർ എജ്യുക്കേഷൻ കോ-ഓർഡിനേറ്റർ ഡോ. ബിനോയ് ജേക്കബ്, അലുമ്നൈ അസോസിയേഷൻ സെക്രട്ടറി ഡോ. എസ്.അനിത എന്നിവർ സംസാരിച്ചു.

മാതൃഭൂമി 2023 മേയ് 10 ബുധനാഴ്ച



മദ്രാസ് യൂണിവേഴ്സിറ്റിയിൽനിന്ന് സോഷ്യൽ വർക്കിൽ പിഎച്ച്ഡി. നേടിയ ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസിലെ ഗസ്റ്റ് ലക്ചറർ അഞ്ജലി യു.എസ്. വട്ടിയൂർക്കാവ് കുരുവിക്കാട് ഗംഗദർശനിൽ കെ.ഉദയകുമാറിന്റെയും എൽ.സുജാത ഭായിയുടെയും മകളാണ്. അമ്പലമുക്ക് രാമപുരം ലെയ്ൻ പുണർവത്തിൽ പ്രശാന്ത് എം.വി.യാണ് ഭർത്താവ്

ദീപിക 30/5/2023 TVM

# സ്മാർട്ടാകാതെ






നിർമാണത്തിനായി പൊളിച്ചിട്ട നഗരത്തിലെ റോഡുകളിൽ ഭൂരിഭാഗവും മാസങ്ങൾ കഴിഞ്ഞിട്ടും ശോച്യാവസ്ഥ
തകർന്ന ഈ റോഡുകളിലൂടെ തലസ്ഥാന ജനതയ്ക്ക് ഇനി എത്ര കാലം ഈ ദുരിത യാത്ര ചെയ്യേണ്ടിവരും.

## പട്ടം സെന്റ് മേരീസ് സ്കൂൾ പ്രിൻസിപ്പൽ ഫാ. ടി.ബാബു പടിയിറങ്ങുന്നു



ഫാ. ടി. ബാബു

തിരുവനന്തപുരം: പട്ടം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ ഫാ. ടി. ബാബു ഇന്നു വിരമിക്കുന്നു. 20 വർഷത്തെ അധ്യാപക ശുശ്രൂഷയ്ക്ക് ശേഷമാണ് പ്രിൻസിപ്പൽ സ്ഥാനത്ത് നിന്ന് അദ്ദേഹം വിരമിക്കുന്നത്. കൊട്ടാരക്കര സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ സോഷ്യോളജി വിഭാഗം തലവൻ ആയിരിക്കുമ്പോഴാണ് പട്ടം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിന്റെ പ്രിൻസിപ്പലായി നിയമിതനായത്. കോവിഡ് കാലത്ത് സ്കൂളിൽ ഒട്ടനവധി പുതുമകൾ ഒരുക്കിയാണ് അച്ചൻ ശ്രദ്ധേയനായത്. സാമ്പത്തികമായി പിന്നോക്കം നൽകുന്ന കോവിഡ് ബാധിതരെ സഹായിക്കാൻ അധ്യാപകരുടെയും രക്ഷിതാക്കളുടെയും വിദ്യാർഥികളുടെയും വലിയ സംഘത്തെ രൂപപ്പെടുത്തി. ലക്ഷക്കണക്കിന് രൂപയുടെ നിത്യോപയോഗ സാധനങ്ങൾ ആവശ്യക്കാർക്ക് എത്തിച്ചു കൊടുത്തു. പാഠപുസ്തകങ്ങൾ കുട്ടികൾക്ക് വീടുകളിൽ നേരിട്ട് എത്തിച്ചു. ഗവൺമെന്റ് നിർദേശത്തിനു മുമ്പായി തന്നെ പാഠപുസ്തകങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കി കുട്ടികൾക്കു വിതരണം ചെയ്തു. ഓൺലൈൻ ക്ലാസുകൾ ക്രമീകരിച്ച് പഠനം കാര്യക്ഷമമാക്കി. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികൾക്കായി ഓൺലൈൻ പഠന സൗകര്യമൊരുക്കുന്നതിന് അധ്യാപകരിൽ നിന്നും പൂർവ വിദ്യാർഥികളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും മൊബൈൽ ഫോൺ ശേഖരിച്ച് വിതരണം ചെയ്തു.

കോവിഡ് കാലത്ത്വീട് ഒരു വിദ്യാലയം പദ്ധതിയിലൂടെ വീട്ടിൽ ഒരു ലൈബ്രറി, വീട്ടിലൊരു പൂന്തോട്ടം, എന്റെ പച്ചക്കറിത്തോട്ടം എന്നീ പദ്ധതികളിലൂടെ കോവിഡിനെ അതിജീവിക്കാൻ കുട്ടികൾക്ക് പ്രചോദമേകി. കോവിഡാനന്തര ക്ലാസുകളുടെ സമയത്ത് വിദ്യാർഥികളുടെ മാനസിക സംഘർഷം ഒഴിവാക്കാൻ 275 അംഗ കൗൺസിലിംഗ് സംഘത്തെ ക്രമീകരിച്ചു. നിർധനരായ കുട്ടികൾക്കായി നാല് പുതിയ വീടുകൾ നിർമിച്ചു നൽകി. രക്ഷിതാക്കളുമായി നിരന്തരം സംവദിച്ചു. സ്കൂളിൽ പുതിയ ലാബുകൾ സ്ഥാപിച്ചു, സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തിൽ ഫ്രീഡം വാൾ നിർമിച്ചു സ്കൂളിന് സമർപ്പിച്ചു. അപൂർവങ്ങളായ ഫലവൃക്ഷത്തൈകൾ സ്കൂളിൽ നട്ടുപിടിപ്പിച്ചു. ഒരേക്കർ ഭൂമിയിൽ ഉള്ളൂർ കൃഷിഭവന്റെ സഹായത്തോടെ വിപുലമായ കൃഷിത്തോട്ടം നിർമിച്ചു. എസ്എസ്എൽസി, പ്ലസ് ടു വിജയ ചരിത്രം ആവർത്തിച്ചു.

സോളാർ പാനൽ വിപുലീകരിച്ച് വൈദ്യുതിക്ഷാമം പരിഹരിച്ചു. ലൈബ്രറി പുസ്തകങ്ങൾ 55,000 ത്തിൽ നിന്നും അറുപതിനായിരത്തിലേക്ക് ഉയർത്തുവാൻ നേതൃത്വം കൊടുത്തു. സ്കൂൾ പരിസരം മഹാന്മാരായ വ്യക്തികളുടെ ചിത്രങ്ങൾ, ചെറു ചരിത്രം ഇവ ഒരുക്കി കുട്ടികളെ ഉന്നത സ്വപ്നം കാണാൻ അവസരം ഒരുക്കി. ഒട്ടനവധി നന്മപ്രവൃത്തികളിലൂടെ സ്കൂളിന്റെ യശസ് ഉയർത്തി എന്നതിലുപരി കുട്ടികളുടെ സർവതോമുഖമായ വളർച്ചയ്ക്ക് അവസരങ്ങൾ ഒരുക്കി ഗുരുശ്രേഷ്ഠ[illegible]രസ്കാരത്തിനും അർ[illegible]യാണ് അദ്ദേഹം സ്കൂളിന്റെ പടിയിറങ്ങുന്നത്.

കേരളകൗമുദി 02 ജൂൺ 2023 വെള്ളി | തിരുവനന്തപുരം

# വിദ്യാർത്ഥിനികൾക്ക് പ്രവേശനം നൽകി പുതുയുഗം രചിച്ച് ലയോള സ്കൂൾ

തിരുവനന്തപുരം: പുതിയ അദ്ധ്യയന വർഷത്തിൽ ആദ്യമായി വിദ്യാർത്ഥിനികൾക്ക് പ്രവേശനം നൽകി ലയോള സ്കൂൾ പുതുചരിത്രം സൃഷ്ടിച്ചു.

ഹയർസെക്കൻഡറി വിഭാഗത്തിൽ പ്രവേശനം ലഭിച്ച 120 വിദ്യാർത്ഥിനികൾക്ക് പ്രവേശനം നൽകിയാണ് സ്കൂൾ ചരിത്രമെഴുതിയത്. നഗരത്തിലെ പ്രമുഖ ബോയ്സ് സ്കൂളായിരുന്ന ലയോളയിലെത്തിയ വിദ്യാർത്ഥിനികളെ ഹർഷാരവത്തോടെയാണ് വിദ്യാർത്ഥികളും അദ്ധ്യാപകരും സ്വീകരിച്ചത്.

ലിംഗ സമത്വം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായാണ് വിദ്യാർത്ഥിനികൾക്കും പ്രവേശനം നൽകിയത്. സ്കൂൾ പ്രവേശനോത്സവം സെൻട്രൽ യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ ജി. ഗോപകുമാർ ഉദ്ഘാടനം ചെയ്തു. സ്കൂൾ പ്രിൻസിപ്പൽമാരായ ഫാ. സാൽവിൻ അഗസ്റ്റിൻ എസ്.ജെ, ഫാ. റോയ് അലക്സ് എസ്.ജെ, ലയോള കോളേജ് വൈസ് പ്രിൻസിപ്പൽ ഫാ. സാബു മത്യനാട്, ലയോള കോളേജ് പ്രൊഫസർമാരായ ഫാ. സജി, ഫാ. രഞ്ജിത്ത്, ലോബ പ്രസിഡന്റ് രഞ്ജിത്ത്, പി. ടി. എ പ്രസിഡന്റ് രാകേഷ് കുമാർ എന്നിവർ സന്നിഹിതരായിരുന്നു.



ലയോള സ്കൂളിൽ ഹയർസെക്കൻഡറിയിൽ പ്രവേശനം നേടിയ പെൺകുട്ടികൾ

ദീപിക

2023 ജൂൺ 02 വെള്ളി



ശ്രീകാര്യം ലയോള സ്കൂളിൽ പ്രവേശനം നേടിയ പെൺകുട്ടികൾ സ്കൂളിലെത്തിയപ്പോൾ.

# ലയോള സ്കൂളിൽ ആദ്യമായി പെൺകുട്ടികളെത്തി

തിരുവനന്തപുരം: ശ്രീകാര്യം ലയോള സ്കൂളിൽ ഇനി വളകിലുക്കവും. 62 വർഷം മുമ്പ് പ്രവർത്തനമാരംഭിച്ച സ്കൂളിൽ ആദ്യമായി പെൺകുട്ടികളെത്തി. ഒന്നാം വർഷം ഹയർ സെക്കൻഡറി ക്ലാസുകളിൽ പെൺകുട്ടികൾക്കു പ്രവേശനം നൽകിയാണ് സ്കൂൾ ചരിത്രം കുറിച്ചത്.

സ്കൂൾ കവാടത്തിലെത്തിയ പെൺകുട്ടികളെ സ്കൂൾ പ്രിൻസിപ്പലും വിശിഷ്ടാതിഥികളും ചേർന്നു സ്വീകരിച്ചു. പ്രവേശനം നേടിയ 120 വിദ്യാർഥിനികളെ സ്കൂൾ ബാൻഡിന്റെ അകമ്പടിയോടെ ഓഡിറ്റോറിയത്തിലേക്ക് ആനയിച്ചു.

ചരിത്രത്തിലാദ്യമായി പെൺകുട്ടികൾ കടന്നു വന്നതോടെ ഓഡിറ്റോറിയത്തിൽ കാത്തു നിന്ന നൂറുകണക്കിന് ആൺകുട്ടികൾ കരഘോഷം മുഴക്കി സഹപാഠികളെ ലയോളയിലേക്കു സ്വീകരിച്ചു.

അങ്ങനെ ആറു പതിറ്റാണ്ടിലേറെ ആൺകുട്ടികളുടെ വിദ്യാലയമായി അറിയപ്പെട്ടിരുന്ന തലസ്ഥാനത്തെ പ്രശസ്ത വിദ്യാലയമായ ലയോള സ്കൂൾ മിക്സഡ് സ്കൂൾ ആയി. ലിംഗ സമത്വം എന്ന ആശയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായാണ് പെൺകുട്ടികൾക്കും പ്രവേശനം നൽകിയത്.

സ്കൂൾ പ്രവേശനോത്സവം സെൻട്രൽ യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ ജി. ഗോപകുമാർ ഉദ്ഘാടനം ചെയ്തു. സ്കൂൾ പ്രിൻസിപ്പൽമാരായ ഫാ. സാൽവിൻ അഗസ്റ്റിൻ എസ്ജെ, ഫാ. റോയ് അലക്സ് എസ്ജെ, ലയോള കോളജ് വൈസ് പ്രിൻസിപ്പൽ ഫാ. സാബു മര്യനാട്, പ്രഫസർമാരായ ഫാ. സജി, ഫാ. രഞ്ജിത്ത്, ലോബ പ്രസിഡന്റ് രഞ്ജിത്ത്, പിടിഎ പ്രസിഡന്റ് രാകേഷ് കുമാർ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

13/7/23

THE NEW INDIAN EXPRESS

14 THIRUVANANTHAPURAM

EXPRESS READ

## Loyola College to hold two-day conference on sociology

T'Puram: The department of sociology at Loyola College of Social Sciences will organise a two-day international conference on 'Unveiling new horizons: Perspectives on the sociology of ageing and elderly individuals' in honour of late sociologist professor Jacob John Kattakkayam. The conference will begin at the college on Thursday. Professor Murali Nair of Columbia University will inaugurate the conference.



2024/3/11 15:05

13/07/23

10

2023 ജൂലൈ 13 വ്യാഴം

TVM [illegible]

# അന്താരാഷ്ട്ര കോൺഫറൻസിന് ഇന്ന് തുടക്കം

തിരുവനന്തപുരം

ലയോള കോളേജ് വജ്രജൂബിലിയുമായി ബന്ധപ്പെട്ട് പ്രൊഫ. ജെ ജെ കട്ടക്കയം അനുസ്മരണ അന്താരാഷ്ട്ര കോൺഫറൻസ് ഇന്ന്, നാളെ തീയതികളിൽ. 'വയോജനങ്ങൾ സാമൂഹ്യശാസ്ത്ര കാഴ്ചപ്പാടിലൂടെ' എന്നതാണ് വിഷയം. രാവിലെ 11ന് പ്രൊഫ. മുരളി നായർ ഉദ്ഘാടനം ചെയ്യും. പ്രൊഫ. അനില വെങ്കിടേശ്വരൻ മുഖ്യപ്രഭാഷണം നടത്തും.

13/07/23



## മാർ ഇവാനിയോസിൽ എസ്.സി, എസ്.ടി സീറ്റ്

തിരുവനന്തപുരം: മാർ ഇവാനിയോസ് സ്വയംഭരണ കോളേജിൽ വിവിധ ഡിഗ്രി വിഷയങ്ങൾക്ക് 2023-24 അദ്ധ്യയന വർഷത്തേക്ക് എസ്.സി, എസ്.ടി സീറ്റുകൾ ഒഴിവുണ്ട്. താത്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ജൂലായ് 18ന് രാവിലെ 10ന് കോളേജ് ഓഡിറ്റോറിയത്തിൽ റിപ്പോർട്ട് ചെയ്യണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു. വിശദ വിവരങ്ങൾക്ക് www.mic.ac.in കാണുക.

## ലയോള കോളേജിൽ അന്താരാഷ്ട്ര കോൺഫറൻസ്

തിരുവനന്തപുരം: ലയോള കോളേജിന്റെ വജ്രജൂബിലിയോടനുബന്ധിച്ച് പ്രമുഖ സാമൂഹ്യ ശാസ്ത്രജ്ഞൻ പ്രൊഫ. ജേക്കബ് ജോൺ കട്ടക്കയം അനുസ്മരണ അന്താരാഷ്ട്ര കോൺഫറൻസ് ഇന്നും നാളെയുമായി സംഘടിപ്പിക്കും. 'വയോജനങ്ങൾ: സാമൂഹ്യശാസ്ത്ര കാഴ്ച്ചപ്പാടിലൂടെ' എന്ന വിഷയത്തിലാണ് കോൺഫറൻസ്. കൊളംബിയ യൂണിവേഴ്സിറ്റി പ്രൊഫ. മുരളി നായർ ഉദ്ഘാടനം ചെയ്യും. കോളേജ് റെക്ടറും മാനേജറുമായ ഫാ. സണ്ണി കുന്നപ്പള്ളിൽ. എസ്.ജെ അദ്ധ്യക്ഷത വഹിക്കും. മുംബയ് സോഫിയ കോളേജ് പ്രിൻസിപ്പൽ പ്രൊഫ. അനഘ തെൻഡുൽക്കർ മുഖ്യപ്രഭാഷണം നടത്തും. സോഷ്യോളജി വകുപ്പ് മേധാവിയും കോൺഫറൻസ് കോഓർഡിനേറ്ററുമായ ഡോ. നിഷ ജോളി നെൽസൺ സ്വാഗതവും ആമുഖപ്രഭാഷണവും നടത്തും.

# വർത്തമാനം/ വാണിജ്യം

## വ്യാപാരനിലവാരം

### കൊച്ചി

### അവധി വിലകൾ

### സ്വർണം

### വെള്ളി

### കോട്ടയം

### കൊച്ചി

### വ്യാപാരി വില

### കോട്ടയം

### കോട്ടയം



## നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പഴ്സണൽ മാനേജ്മെന്റ് ട്രിവാൻഡ്രം ചാപ്റ്റർ

## നെടുമങ്ങാട് മാർക്കറ്റ്

52000-54000

30000-34000

-1200

3500-5000

11800-14800

13800

8200

13000-13500

600-700

200-220

350 - 400

900 - 1000

10000

11/7/23

# ലൊയോള കോളജിൽ സ്പന്ദനം 2023

തിരുവനന്തപുരം● ശ്രീകാര്യം ലൊയോള കോളജിലെ സോഷ്യൽ വർക് വിദ്യാർഥികൾ സംഘടിപ്പിച്ച സ്പന്ദനം 2023 തിരുവനന്തപുരം ഡിസിപി നിഥിൻ രാജ് ഉദ്ഘാടനം ചെയ്തു. മുന്നൂറോളം പേർ പങ്കെടുത്ത പരിപാടിയിൽ വിദ്യാർഥികൾക്കു വേണ്ടിയുള്ള ബോധവൽക്കരണ ക്ലാസുകളും അവരുടെ കലാപരിപാടികളും നടന്നു. ജില്ലാ വിമുക്തി മിഷന്റെ പങ്കാളിത്തത്തോടെ ലഹരി അവബോധ ക്ലാസ് സംഘടിപ്പിച്ചു.

ലൊയോള സ്ഥാപനങ്ങളുടെ റെക്ടർ റവ. ഫാ. സണ്ണി കുന്നപ്പള്ളിൽ അധ്യക്ഷത വഹിച്ച പരിപാടിയിൽ എക്സൈസ് ഡിപ്പാർട്മെന്റ് വിമുക്തി ഡിസ്ട്രിക്ട് കോഓർഡിനേറ്റർ, എസ്,എ.വിഗ്നേഷ്, ലൊയോള കോളജ് പ്രിൻസിപ്പൽ ഡോ. സജി പി. ജേക്കബ്, വൈസ് പ്രിൻസിപ്പൽ റവ. ഫാ. സാബു പി. തോമസ്, ടി.എസ്.എസ്.എസ് ഡയറക്ടർ റവ. ഫാ. ആഷ്‌ലിൻ ജോസ് എന്നിവർ പ്രസംഗിച്ചു.

മംഗളം 11/9/23

# ലയോളയിൽ സോഷ്യൽ വർക്ക് വിദ്യാർത്ഥികളുടെ സംഗമം

തിരുവനന്തപുരം: മുന്നൂറോളം കൗമാരപ്രായക്കാരായ സോഷ്യൽ വർക്ക് വിദ്യാർത്ഥികളുടെ സംഗമമായ സ്പന്ദനം ശ്രീകാര്യം ലൊയോള കോളജിൽ നടന്നു. കോളജിൽ നടന്ന സംഗമം ഡെപ്യൂട്ടി പോലീസ് കമ്മീഷണർ നിധിൻ രാജ് ഉദ്ഘാടനം ചെയ്തു. റെക്ടർ റെവ. ഫാ. സണ്ണി കുന്നപ്പള്ളിൽ അധ്യക്ഷത വഹിച്ചു. എക്സൈസ് ഡിപ്പാർട്ട്മെന്റ് വിമുക്തി ഡിസ്ട്രിക്ട് കോർഡിനേറ്റർ, വിഘ്നേഷ് എസ് എ, ലൊയോള കോളജ് പ്രിൻസിപ്പൽ ഡോ. സജി പി. ജേക്കബ്, വൈസ് പ്രിൻസിപ്പൽ റെവ. ഫാ. സാബു പി. തോമസ്, ടി എസ് എസ് എസ് ഡയറക്ടർ റെവ. ഫാ. ആഷ്‌ലിൻ ജോസ് എന്നിവർ പങ്കെടുത്തു. ഡെയിലി വ്യൂ കൗൺസിലർ വിഷ്ണു കെ. ബി. ലഹരി അവബോധ ക്ലാസ് നയിച്ചു. തുടർന്ന് കുട്ടികളുടെ കലാപരിപാടികളും അരങ്ങേറി.



• സ്പന്ദനം സംഗമം ഡെപ്യൂട്ടി പോലീസ് കമ്മീഷണർ നിധിൻ രാജ് ഉദ്ഘാടനം ചെയ്യുന്നു.

THIRUVANANTHAPURAM Edition
Sep 10, 2023 Page No. 2
Powered by : eReleGo.com

IMG-20230910-WA0027.jpg

ദീപിക — 11-9-23

# ലൊയോളയിൽ സ്പന്ദനം 2023

തിരുവനന്തപുരം ▸ ശ്രീകാര്യം ലൊയോള കോളേജിലെ സോഷ്യൽവർക്ക് വിദ്യാർഥികൾ സംഘടിപ്പിച്ച സ്പന്ദനം 2023-ൽ ഡെയിൽവ്യൂ കൗൺസിലർ കെ.ബി. വിഷ്ണു ലഹരിവിരുദ്ധ അവബോധ ക്ലാസ് നയിച്ചു. ഡി.സി.പി. നിഥിൻരാജ് മുഖ്യാതിഥിയായി. ലൊയോള സ്ഥാപനങ്ങളുടെ റെക്ടർ ഫാ. സണ്ണി കുന്നപ്പള്ളിൽ അധ്യക്ഷത വഹിച്ചു. ലൊയോള കോളേജ് പ്രിൻസിപ്പൽ ഡോ. സജി പി.ജേക്കബ്, വൈസ് പ്രിൻസിപ്പൽ ഫാ. സാബു പി.തോമസ്, ടി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. ആഷ്‌ലിൻ ജോസ് എന്നിവർ പങ്കെടുത്തു.



s://mail.google.com/mail/u/0/?tab=rm&ogbl#inbox/FMfcgzGtxKPHKlHCMJKvzdRsPGTKvGzr?projector=1&messagePartId=0.1 1/1

11/9/23

# സോഷ്യൽ വർക്ക് വിദ്യാർഥികളുടെ സംഗമം

തിരുവനന്തപുരം • മുന്നുറോളം കൗമാരപ്രായക്കാരായ സോഷ്യൽ വർക്ക് വിദ്യാർഥികളുടെ സംഗമമായ സ്പന്ദനം ശ്രീകാര്യം ലൊയോള കോളജിൽ നടന്നു. കോളജിൽ നടന്ന സംഗമം ഡെപ്യൂട്ടി പൊലിസ് കമ്മിഷണർ നിഥിൻ രാജ് ഉദ്ഘാടനം ചെയ്തു. ഫാ. സണ്ണി കുന്നപ്പള്ളിൽ അധ്യക്ഷനായി. എക്സൈസ് ഡിപ്പാർട്ട്മെന്റ് വിമുക്തി ഡിസ്ട്രിക്ട് കോർഡിനേറ്റർ, എസ്.എ വിഗ്നേഷ്, ലൊയോള കോളജ് പ്രിൻസിപ്പൽ ഡോ. സജി പി. ജേക്കബ്, വൈസ് പ്രിൻസിപ്പൽ ഫാ. സാബു പി. തോമസ്, ടി.എസ് .എസ്.എസ് ഡയരക്ടർ ഫാ. ആഷ്‌ലിൻ ജോസ് എന്നിവർ പങ്കെടുത്തു. ഡെയിൽ വ്യൂ കൗൺസിലർ കെ.ബി വിഷ്ണു ലഹരി അവബോധ ക്ലാസ് നയിച്ചു.കുട്ടികളുടെ കലാപരിപാടികളും അരങ്ങേറി.

Thiruvananthapuram Edition
Sep 10, 2023 Page No. 3
Powered by : eReleGo.com

കേരളകൗമുദി





## മാത്യൂസ് ഫിലിപ്പ് നിര്യാതനായി

തിരുവനന്തപുരം: പ്രമുഖ മനുഷ്യാവകാശ പ്രവർത്തകനും മാനസ, സിഗ്രം എന്നീ സംഘടനകളുടെ സ്ഥാപക ഡയറക്ടറും സി.എ.സി.എൽ (ക്യാമ്പയിൻ എഗെയിൻസ്റ്റ് ചൈൽഡ് ലേബർ) മുൻ നാഷണൽ കൺവീനറുമായിരുന്ന മാത്യൂസ് ഫിലിപ്പ് (64) ബംഗളൂരുവിൽ നിര്യാതനായി. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് 2ന് സ്വദേശമായ പന്തളം തുമ്പമൺ സെയിന്റ് തോമസ് മലങ്കര കത്തോലിക്കാ പള്ളിയിൽ നടക്കും. ഭാര്യ: മറിയം മാത്യൂസ് (ഫോർമർ കൺസൾട്ടന്റ് എച്ച് ആർ ഡിപ്പാർട്ട്മെന്റ് മാട്ടിസ് എക്സ്പോർട്സ്)

ദീപിക

2023 ഡിസംബർ 22 വെള്ളി

## അറിയിപ്പ്

# പ്രീമാരിറ്റൽ കൗൺസിലിംഗ് പ്രോഗ്രാം

**തിരുവനന്തപുരം:** ലൊയോള കോളജ് ഓഫ് സോഷ്യൽ സയൻസസിനു കീഴിൽ പ്രവർത്തിക്കുന്ന ലൊയോള എക്സ്റ്റൻഷൻ സർവീസും 'ഒപ്പം' എന്ന സംഘടനയും സംയുക്തമായി ജനുവരി 13, 14 തീയതികളിൽ ലൊയോളയിൽ 'സമന്വയ' എന്ന പേരിൽ ദ്വിദിന പ്രീമാരിറ്റൽ കൗൺസിലിംഗ് പ്രോഗ്രാം നടത്തും. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന യുവതീയുവാക്കളും, നവദമ്പതികളും 8714699481, 9447450420 നമ്പറുകളിൽ ബന്ധപ്പെടണമെന്ന് അധികൃതർ അറിയിച്ചു.

2023 ഡിസംബർ 25 തിങ്കൾ TVM മലയാള മനോരമ

# ഈ ക്രിസ്മസിന് മധുരമേറെ...

സഞ്ജു സാംസൺ

ക്രിസ്മസ് എപ്പോഴും സന്തോഷകരമാണ്. ഇത്തവണത്തെ ക്രിസ്മസിന് മധുരമേറും. കാരണം വീണ്ടും ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ ഭാഗമാകാൻ കഴിഞ്ഞു എന്നതു തന്നെ. രാജ്യാന്തര ക്രിക്കറ്റിൽ ആദ്യ സെഞ്ചറി നേടിയതിന്റെ സന്തോഷം ഈ ക്രിസ്മസിന് മധുരം കൂട്ടുന്നു. സ്വപ്ന തുല്യമായ ദിനങ്ങൾക്കു ശേഷം നാട്ടിലേക്കുള്ള മടക്കയാത്രയിലാണ് ഞാൻ. നാട്ടിൽ കുടുംബത്തിനും കൂട്ടുകാർക്കുമൊപ്പമുള്ള ക്രിസ്മസ് ആഘോഷങ്ങൾ എന്നും മനോഹരമായ ഓർമയാണ്. ഒരു കളിക്കാരനെന്ന നിലയിൽ നന്നായി കളിക്കുക എന്നതാണ് എപ്പോഴും വലിയ ആഘോഷം. മികച്ച പ്രകടനങ്ങൾ എന്നെ സ്നേഹിക്കുന്നവരും ആഘോഷമാക്കുന്നത് കാണുമ്പോൾ ഏറെ അഭിമാനം. ആ പിന്തുണ വലിയ കരുത്തുമാണ്. നന്നായി ആസ്വദിച്ച് പുതുവർഷത്തിലേക്ക് കടക്കണമെന്നാണ് ആഗ്രഹവും പ്രാർഥനയും. എല്ലാവർക്കും ക്രിസ്മസ്, പുതുവത്സര ആശംസകൾ...



സഞ്ജു സാംസൺ ഭാര്യ ചാരുലതയ്ക്കൊപ്പം (ഫയൽ ചിത്രം).

മനോരമ കായികം